തൃശ്ശൂർ	-	4985
പാലക്കാട്	-	4387
മലപ്പുറം	-	7236
കോഴിക്കോട്	-	3790
വയനാട്	-	2424
കണ്ണൂർ	-	4542
കാസർഗോഡ്	-	2691

നിയമനം നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി

92 (748)ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രീമിലെയർ സംബന്ധിച്ച സർക്കാരിന്റെ പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശം പി.എസ്.സി. ക്ക് നൽകിയിട്ടുണ്ടോ;

(ബി) ജസ്റ്റീസ് നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് പി.എസ്.സി. ക്ക് ലഭ്യമാക്കാൻ ഏതെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(സി) ക്രീമിലെയർ നടപടികൾ കാരണം പി.എസ്.സി. നിയമനങ്ങൾക്ക് അഡ്വൈസ് മെമ്മോ അയയ്ക്കുന്നതിലുണ്ടാകുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ നിയമനം നിൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ക്രീമിലെയർ സംബന്ധിച്ച ജസ്റ്റീസ് നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിലെ ശുപാർശകൾ ചില ഭേദഗതികളോടെ സർക്കാർ അംഗീകരിച്ച് 27.5.2000 ലെ ജി.ഒ.(പി) 36/2000/എസ്.സി എസ്.ടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച മാർഗ്ഗരേഖ കേരളാ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുമുണ്ട്. ഈ ഉത്തരവുകൾ പി.എസ്.സി ക്കും കൊടുത്തിട്ടുണ്ട്.

(ബി) ഇല്ല. പക്ഷേ കമ്മിഷന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിജ്ഞാപനം ചെയ്തു ഉത്തരവും മാർഗ്ഗരേഖകളും പി.എസ്.സിക്ക് നൽകിയിട്ടുണ്ട്.

(സി) ഇപ്പോൾ കാലതാമസം ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ഡി) കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ നേരത്തെ തന്നെ സ്വീകരിച്ചിട്ടുണ്ട്.

ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തിക റാങ്ക് ലിസ്റ്റ്

93 (749)ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly